**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4993 28.10.2016 ൽ മറുപടിയ്ക്ക്**

## വി.എഫ്.പി.സി.കെ വഴി നടപ്പിലാക്കിയ പദ്ധതികൾ

| **ചോദ്യം**<br>**ശ്രീ.സി.ദിവാകരൻ** | | **മറുപടി**<br>**ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വി.എഫ്.പി.സി.കെ. വഴി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) വി.എഫ്.പി.സി.കെ വഴി വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) | വിഷരഹിത പച്ചക്കറികൾ ശേഖരിച്ച് 'തളിർ' എന്ന ബ്രാൻഡിൽ വിപണിയിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | ബി) കൗൺസിലിലെ കർഷകർ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികളും മൂല്യ വർദ്ധിത ഉല്പന്നങ്ങളും നേരിട്ട് ശേഖരിച്ച് "**തളിർ**" എന്ന ബ്രാന്റിൽ വിപണനം ചെയ്യുന്നതിനായി സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ ബ്രാൻഡഡ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഇതിന്റെ ആദ്യത്തെ ഔട്ട് ലെറ്റ് കൊട്ടാരക്കരയിൽ താമസം കൂടാതെ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

- **<u>പായ്ക്ക് ഹൗസ്</u>** : അപേഡ (APEDA) യുടെ ധനസഹായത്തോടെ വയനാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ രണ്ട് പഴം പച്ചക്കറി പായ്ക്ക് ഹൗസുകളുടെ പണിപൂർത്തിയായി വരുന്നു . പാലക്കാട്, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലും പുതിയ പായ്ക്ക് ഹൗസുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്

- **<u>ഹൈടെക് പച്ചക്കറിത്തൈ ഉല്പാദന കേന്ദ്രം</u>** : കേരളത്തിൽ ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി എറണാകുളം ജില്ലയിലെ നടുക്കരയിൽ ഹൈടെക് നഴ്സറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ആർ.കെ.വി.വൈ യിൽ നിന്നുള്ള 11.35 കോടി രൂപയുടെ ധനസഹായത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. 2 കോടി പച്ചക്കറിത്തൈകൾ നഴ്സറി വഴി പൊതുജനങ്ങൾക്ക് പ്രതിവർഷം ലഭ്യമാക്കുന്ന ഈ സംരംഭം പൂർണ്ണമായും യന്ത്രവത്കൃതമാണ്.

- **<u>ബ്രാന്റിങ്</u>** : കൗൺസിലിലെ കർഷകർ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികളും മൂല്യ വർദ്ധിത ഉല്പന്നങ്ങളും നേരിട്ട് ശേഖരിച്ച് **"തളിർ"** എന്ന ബ്രാന്റിൽ വിപണനം ചെയ്യുന്നതിനായി സംസ്ഥാനത്തെ പ്രധാന സ്ഥലങ്ങളിൽ ബ്രാൻഡഡ് രീതിയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

- **<u>റിസ്ക് ഫണ്ട്</u>** : കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി കർഷക പങ്കാളിത്തത്തോടെ 'റിസ്ക് ഫണ്ട് എന്ന പദ്ധതി നടപ്പിലാക്കുന്നതിന് കൗൺസിലിന് അനുമതി നൽകിയിട്ടുണ്ട് പദ്ധതിവിഹിതത്തിന്റെ 40% കർഷകരും 60% കേരള സർക്കാരും വഹിക്കുന്നു. ഉല്പന്നങ്ങൾക്ക് വില ഇടിയുന്ന അവസരങ്ങളിൽ റിസ്ക് ഫണ്ടിൽ നിന്നും അടിസ്ഥാന വില നിശ്ചയിച്ച് കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നു.

- **<u>ചിപ്സ് യൂണിറ്റ്</u>** : കേരളത്തിലെ കർഷകരിൽ നിന്ന് മാത്രം വാഴക്കുലകൾ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനായി ഒരു യന്ത്രവത്കൃത ചിപ്സ് യൂണിറ്റ് പാലക്കാട് ജില്ലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

- **<u>റൈപ്പെന്റ് ബനാന ഡ്രൈയിംഗ് യൂണിറ്റ്</u>** : കോട്ടയം ജില്ലയിൽ റൈപ്പെന്റ് ബനാന ഡ്രൈയിംഗ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

- **<u>മണ്ണ് പരിശോധന ലാബുകൾ</u>**: ആലപ്പുഴജില്ലയിൽ തുറവൂരും, മലപ്പുറം ജില്ലയിൽ തിരുവാലിയിലും ആധുനിക രീതിയിലുള്ള മണ്ണ് പരിശോധനാ ലാബുകളുടെ പണിപൂർത്തിയായി വരുന്നു.

- **<u>കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ</u>** : എല്ലാതരം പഴം പച്ചക്കറി നടീൽ വസ്തുക്കളും കൃഷിക്കാർക്കും പൊതു ജനങ്ങൾക്കും വിൽപ്പന നടത്തുകയും കൃഷിയോടുള്ളതാൽപര്യം ജനങ്ങളിൽ വളർത്തുകയും ചെയ്യുന്നതിനായി കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ കൃഷി ബിസിനസ്സ്

കേന്ദ്രകൾ ആരംഭിച്ചു . കൊല്ലം, കോഴിക്കോട് കണ്ണൂർ എന്നീ ജില്ലകളിലും പുതിയ കൃഷി ബിസിനസ്സ് കേന്ദ്രകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്

- **<u>കട്ട് വെജിറ്റബിൾ പദ്ധതി</u>** : കർഷകരിൽ നിന്ന് സംഭരിക്കുന്ന നാടൻ പച്ചക്കറികൾ പാചകത്തിന് എളുപ്പമാകും വിധം കഴുകി വൃത്തിയാക്കി അരിഞ്ഞ് പാക്കറ്റുകളിലാക്കി നല്കുന്ന 'കട്ട് വെജിറ്റബിൾ' പദ്ധതി കൗൺസിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കിവരുന്നു

- **<u>കർഷകർക്കായി പരിശീലനകേന്ദ്രം</u>** : കാക്കനാടുള്ള കൗൺസിൽ ആസ്ഥാനത്ത് ആധുനിക രീതിയിലുള്ള പരിശീലനങ്ങൾ കർഷകർക്ക് ലഭ്യമാക്കാനായി കർഷക പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്

- **<u>മൊബൈൽ റൈപ്പെനിങ് ചേമ്പർ</u>** : സ്വാശ്രയ കർഷക സമിതികൾക്കായി 10 മൊബൈൽ റൈപ്പെനിങ് ചേമ്പറുകൾ വാങ്ങി നൽകിയിട്ടുണ്ട് വിളവെടുപ്പിന് ശേഷം വാഴക്കുലകൾ ഒരേപോലെ ആകർഷകമായ നിറത്തിൽ പഴുപ്പിച്ചെടുക്കുന്നതിന് ഇത് സഹായകമാണ്.

കൂടാതെ പച്ചക്കറി കൃഷി വ്യാപന പദ്ധതി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനം, മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു

S. Sunil
സെക്ഷൻ ഓഫീസർ